**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 695** **30-01-2024 - ൽ മറുപടിയ്ക്ക്**

**സൗജന്യമായി വൈദ്യുതി നൽകുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗക്കാർ,പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ,റേഷൻ കാർഡ് മുൻഗണന പട്ടികയിൽ ഉൾപ്പെട്ടവർ എന്നിവർക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള ബി പി എൽ കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എല്ലിന്റെ തനതു ഫണ്ട് ഉപയോഗിച്ച് 2018 മുതൽ നൽകി വന്നിരുന്നു. ലൈൻ വലിച്ചു പോസ്റ്റുകൾ സ്ഥാപിച്ചു കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി. എല്ലിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022- ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എല്ലിന്റെ 2022-2027 അഞ്ചു വർഷ പദ്ധതിയിൽ 100 കോടി രൂപ ബി പി എൽ വിഭാഗത്തിൽപ്പെട്ടവർക്കു വൈദ്യുതി എത്തിക്കാൻ വകയിരുത്തിയിട്ടുണ്ട്. ബി പി എൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഭിന്നശേഷി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും മേൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ഇല്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് സൗജന്യമായി വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (ബി) | സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000 വാട്ട് വരെ കണക്ടഡ് ലോഡുള്ള ബി പി എൽ കുടുംബങ്ങൾക്ക് പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 200 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എല്ലിന്റെ തനതു ഫണ്ട് ഉപയോഗിച്ച് 2018 മുതൽ നൽകി വന്നിരുന്നു. ലൈൻ വലിച്ചു |

| | | | |
|---|---|---|---|
| | | | പോസ്റ്റുകൾ സ്ഥാപിച്ചു കണക്ഷൻ നൽകേണ്ട അർഹതപ്പെട്ട കൂടുതൽ അപേക്ഷകൾ വരുന്നതു കെ.എസ്.ഇ.ബി. എല്ലിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ലൈൻ വലിച്ചു നൽകേണ്ട കണക്ഷനുകളുടെ ദൂര പരിധി 31.03.2022- ലെ ബോർഡ് ഉത്തരവ് പ്രകാരം 250 മീറ്ററായി കൂട്ടിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എല്ലിന്റെ 2022-2027 അഞ്ചു വർഷ പദ്ധതിയിൽ 100 കോടി രൂപ ബി പി എൽ വിഭാഗത്തിൽപ്പെട്ടവർക്കു വൈദ്യുതി എത്തിയ്ക്കാൻ വകയിരുത്തിയിട്ടുണ്ട്. ബി പി എൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഭിന്നശേഷി, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്കും മേൽ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ